(ഡി) ഇതോടൊപ്പം മറ്റെന്തെല്ലാം പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളോടൊപ്പം ഇനോർഗാനിക് പിഗ്മെന്റ്സ്, ലിഥിയം ടൈറ്റാനേറ്റ് എന്നിവയും ഉത്പാദിപ്പാക്കാൻ പദ്ധതികളുണ്ട്. പ്രസ്തുത പദ്ധതികൾ മൂന്നുവർഷങ്ങൾ കൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം

125(139) ശ്രീ. എച്ച്. സലാം:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ നിയമിക്കുന്നതിന് നിലവിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജോലി സ്വഭാവത്തിൽ വ്യത്യാസമുള്ളതിനാൽ അവിടത്തെ ജീവനക്കാരെ നിയമിക്കുന്നതിന് പൊതുവായ മാനദണ്ഡങ്ങൾ ഒന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല. നിയമനചട്ടം രൂപീകരിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ വർക്കർ, സൂപ്പർവൈസറി/മാനേജീരിയൽ തസ്തികകൾ ഒഴികെയുള്ള നിയമനങ്ങളെല്ലാം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാണ് നടത്തുന്നത്. 28-2-1992-ലെ 14896/BPE2/91/Plg നമ്പർ സർക്കുലർ പ്രകാരം പി.എസ്.സി.-യുടെ പരിധിയിൽ വരാത്ത നിയമനങ്ങൾ എല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നിയമനം നടത്തേണ്ടത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ഉദ്യോഗാർത്ഥി ലഭ്യമല്ല എന്ന സർട്ടിഫിക്കറ്റ് (Non-availability certificate) ലഭ്യമായാൽ മാത്രമാണ് പത്രമാധ്യമങ്ങളിൽ പരസ്യം നൽകി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി.-യുടെ പരിധിയിൽ വരാത്ത തസ്തികകളിലെ നിയമനത്തിന്റെ ചുമതല അതാത് കമ്പനികളുടെ ഡയറക്ടർ ബോർഡിനാണ്. ഈ നിയമനങ്ങൾ സുതാര്യമായ രീതിയിൽ നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട മാനദണ്ഡങ്ങളും 10-8-2012-ലെ സ.ഉ.(സാധാ) നമ്പർ 1228/2012/വ്യവ., 5-1-2013-ലെ സ.ഉ.(സാധാ) നമ്പർ 31/2013/വ്യവ., 17-6-2013-ലെ സ.ഉ.(സാധാ) നമ്പർ 773/2013/വ്യവ എന്നിവ പ്രകാരം നൽകിയിട്ടുണ്ട്. സീനിയർ സൂപ്പർവൈസറി പോസ്റ്റുകളിലെ നിയമനങ്ങളെ സംബന്ധിച്ച

LIBRARY ARCHIVES Kerala Legislative Assembly

18-1-1997-ലെ 11119/BPE2/96/Plg നമ്പർ സർക്കുലർ പ്രകാരം പ്രസ്തുത നിയമനങ്ങൾ പ്രൊമോഷൻ മുഖേന മെറിറ്റോ/സീനിയോറിറ്റിയോ അടിസ്ഥാനപ്പെടുത്തിയോ ആകണമെന്നും ഇതിനായി ഡയറക്ടർ ബോർഡ് രൂപീകരിക്കുന്ന മൂന്നംഗങ്ങളെങ്കിലും ഉള്ള ഒരു കമ്മിറ്റിയിലൂടെ ആകണമെന്നും ഇതിൽ ഒരംഗം സർക്കാർ പ്രതിനിധിയായിരിക്കണമെന്നും പ്രതിപാദിക്കുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി./സി.ഇ.ഒ.-മാരുടെ നിയമനത്തിനായി സർക്കാർ 26-5-2018-ലെ സ.ഉ.(കൈ)നമ്പർ 16/2018/P&EA പ്രകാരവും 13-12-2018-ലെ സ.ഉ.(കൈ)നമ്പർ 30/2018/P&EA പ്രകാരവും പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

(ബി) നിയമനവുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കുന്നതിന് നിലവിലെ സംവിധാനം പര്യാപ്തമാണോയെന്ന് വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത സ്ഥാപനങ്ങളിലേയ്ക്കുള്ള ജീവനക്കാരുടെ നിയമനം വേഗത്തിലും കുറ്റമറ്റവിധത്തിലുമാക്കുന്നതിനായി റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി.-യുടെ പരിധിയിൽ വരാത്ത തസ്തികകളിലെ നിയമനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനായി പുതിയതായി ഒരു പബ്ലിക് സെക്ടർ സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടൂടോണിക്സ് സെന്ററുകൾ

126(140) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ടൂടോണിക്സ് സെന്ററുകൾ നേരിടുന്ന പ്രതിസന്ധി സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ടൂടോണിക്സിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗീകൃത പഠന കേന്ദ്രങ്ങളുടെ നിവേദനം മാനേജിംഗ് ഡയറക്ടറുടെ 13-7-2021-ലെ RX/CT-1/108/1/2021-22 നമ്പർ കത്ത് പ്രകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനിലേയ്ക്ക് മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly